പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4109 ⁄ 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ സേവനം മെച്ചപ്പെടുത്തൽ

ചോദ്യം

ശ്രീ. അടൂർ പ്രകാശ്
" കെ.സി.ജോസഫ്
" സണ്ണി ജോസഫ്
" കെ.എസ്.ശബരീനാഥൻ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്ക് തൃപ്തിയും മികച്ച സേവനവും നൽകുന്ന സ്ഥാപനമായി കെ.എസ്.ആർ. ടി.സി.യെ മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | പൊതുജനങ്ങൾക്ക് തൃപ്തിയും മികച്ച സേവനവും നൽകുന്ന സ്ഥാപനമായി കെ.എസ്.ആർ. ടി.സി.യെ മാറ്റുന്നതിന്റെ ഭാഗമായി നിരവധി നടപടികൾ സ്വീകരിച്ച് വരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.<br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. കൂടാതെ പതിനായിരം രൂപക്ക് താഴെ പ്രതിദിന വരുമാന ഷെഡ്യൂളുകൾ വരുമാന വർദ്ധനവി |

| | | | |
|---|---|---|---|
| | | | നായി പുന:ക്രമീകരിക്കുവാനും തുടർനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചത് പ്രകാരം ടി സർവ്വീസുകൾ പുന:ക്രമീകരിക്കുന്നതിന് മേഖലാ അധികാരികൾക്കും, യൂണിറ്റ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഉടൻ തന്നെ കെ.എസ്.ആർ.ടി.സി ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്.<br>കെ.എസ്.ആർ.റ്റി.സി.യിൽ ബസ്സുകളുടെ ശരാശരി പ്രായം 12-13 വർഷമാക്കി നിലനിർത്തുവാൻ നടപടികൾ സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരുന്നു. കൂടാതെ, ദീർഘദൂര യാത്രക്കാരെ പൊതു ഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി കൂടുതൽ മൾട്ടി ആക്സിൽ ലക്ഷ്വറി ബസ്സുകൾ നിരത്തിലിക്കുവാൻ ആലോചിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. |
| (ബി) | ഇതിനാവശ്യമായ എന്തെല്ലാം ശിപാർശകളാണ് സുശീൽഖന്ന റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | പൂർണ്ണമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | |

(signature)

**സെക്ഷൻ ഓഫീസർ**